## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം.

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം –അന്യത്ര സേവനകാലാവധി റദ്ദ് ചെയ്ത് മാതൃവകുപ്പിലേയ്ക്ക് തിരികെ നിയമിച്ച ശ്രീ.എം.എസ്.സുധീർ, സീനിയർ സൂപ്രണ്ടിനെ – ഉദുമ ഗവണ്മെന്റ് കോളേജിൽ സീനിയർ സൂപ്രണ്ടായി നിയമിച്ച് - ഉത്തരവാകുന്നു.

**ഉത്തരവ് നം: സി 1/541/2018/കോ.വി.വ** **തീയതി : 19.05.2018**

പരാമർശം ;- 1. 14.05.2018-ലെ സ.ഉ(സാധാ( നം.948/2018/ഉ.വി.വ
2. 19.05.2018-ലെ ശ്രീ.എം.സി.സുധീർ, സീനിയർ സൂപ്രണ്ടിന്റെ അപേക്ഷ
3. 03.09.2018-ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്
4. 04.05.2018-ലെ സി2/4248/17/കോ.വി.വ നമ്പർ ഉത്തരവ്
5. 05.05.2018-ലെ സി2/344/17/കോ.വി.വ

### ഉത്തരവ്

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പി.എ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ശ്രീ.സുധീർ.എം.എസ്-ന്റെ അന്യത്ര സേവനകാലാവധി റദ്ദ് ചെയ്തുകൊണ്ടും 'ടി'യാനെ മാതൃവകുപ്പായ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ തിരികെ അയച്ചു കൊണ്ടും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ശ്രീ.സുധീർ.എസ്.എസ് 19.05.2018.എ.എൻ പ്രാബല്യത്തിൽ പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും വിടുതൽ വാങ്ങി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുകയും തിരികെ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.സുധീർ.എം.എസ്-നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനായി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവ് നിലവിലില്ല. ഈ സാഹചര്യത്തിൽ പരാമർശം 3, 4, 5 ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയ ജീവനക്കാരെ അവർ ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിൽ നിന്നും താഴ്ന്ന തസ്തികയിലേയ്ക്കു ചുവടെ പറയും പ്രകാരം ഉടൻ പ്രാബല്യത്തിൽ റിവർട്ട് ചെയ്ത് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം | റിവർട്ട് ചെയ്ത് നിയമിക്കുന്ന തസ്തികയും സ്ഥാപനവും |
|---|---|---|
| 1. | ശ്രീ.വി.വി.ഗിരീഷ്, സീനിയർ സൂപ്രണ്ട്, ഗവണ്മെന്റ് കോളേജ്, ഉദുമ | ജൂനിയർ സൂപ്രണ്ട്, ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം |

E539522

| | | |
|---|---|---|
| | ശ്രീ.എ.പി.ശബരീശൻ,<br>ജൂനിയർ സൂപ്രണ്ട്,<br>ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം | ഹെഡ് അക്കൌണ്ടന്റ്, ഗവണ്മെന്റ് കോളേജ്, കൊടുവള്ളി |
| 3. | ശ്രീ/അബ്ദുൾ സലാം.സി,<br>ഹെഡ് അക്കൌണ്ടന്റ്,<br>ഗവണ്മെന്റ് കോളേജ്, കൊടുവള്ളി | സീനിയർ ക്ലാർക്ക്,<br>ഗവണ്മെന്റ് കോളേജ്, കൊടുവള്ളി |

ഇപ്രകാരം ഉദുമ ഗവണ്മെന്റ് കോളേജിൽ നിലവിൽ വന്ന സീനിയർ സൂപ്രണ്ട് തസ്തികയിൽ ശ്രീ.സുധീർ.എം.എസ്, സീനിയർ സൂപ്രണ്ടിനെ (അന്യത്രസേവനത്തിൽ തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ പി.എ.തസ്തികയിൽ നിന്നും റിവർട്ട് ചെയ്ത) ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.collegiateedu.kerala.gov.in) ലഭ്യമാണ്.

ഒപ്പ്/-

ഡോ.ഡി.കെ.സതീഷ്,

ഡെപ്യൂട്ടി ഡയറക്ടർ,

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്

1. ശ്രീ.എം.എസ്.സുധീർ, സീനിയർ സൂപ്രണ്ട്
2. ശ്രീ.വി.വി.ഗിരീഷ്, ജൂനിയർ സൂപ്രണ്ട്
3. ശ്രീ.ശബരീശൻ.എ.പി, ഹെഡ് അക്കൌണ്ടന്റ്
4. ശ്രീ.അബ്ദുൾ സലാം.സി.കെ, സീനിയർ ക്ലാർക്ക്
5. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
6. അക്കൌണ്ടന്റ് ജനറൽ (എ&ഇ),കേരള, കോട്ടയം / തിരുവനന്തപുരം
7. പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
8. കരുതൽ ഫയൽ / നടപ്പു ഫയൽ.

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി.19.05.2018

539525

GOVERNMENT OF KERALA 2017-18